ക്കണമെന്നുള്ളതാണ് ഗവൺമെൻറിന്റെ ആഗ്രഹം. അതിനുവേണ്ട നിർദ്ദേശങ്ങളും നല്കിയിട്ടുണ്ട്. ഇതു നടന്നത് 19-ാം തീയതി രാത്രിയാണ്. 20-ാം തീയതി രാവിലേതന്നെ സൂപ്രണ്ട് ഓഫ് പോലീസ് അവിടെ എത്തുകയും എട്ടു പ്രതികളെ അറസ്റ്റുചെയ്യുകയും കൃത്തേറ്റയാളെ അന്നു രാത്രിതന്നെ ആശുപത്രിയിൽ എത്തിക്കുകയും ചെയ്തിരുന്നു. അതിനു ശേഷം വളരെ കർശനമായ പോലീസ് ബന്തവസ്സും ഉണ്ടായിട്ടുണ്ട്. സംഭവം നിർഭാഗ്യകരമായിരുന്നു. അതിന്റെ രാഷ്ട്രീയമായ വശങ്ങളിലേക്കു ഞാൻ പോകുന്നില്ല. എന്തായാലും ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു സംഭവമുണ്ടായതിൽ വളരെയധികം ദുഃഖമുണ്ട്. ഇത് ആവർത്തിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനുശേഷം വേറെ സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. താണ്ഡവനൃത്തം എന്നൊക്കെ പറഞ്ഞത് നമ്മൾ റോഡിൽക്കൂടി നടക്കുമ്പോൾ കാണുന്ന കാര്യങ്ങളൊക്കെ മാത്രമാണ്. ഇന്ന് സംഘർഷാവസ്ഥയില്ല. സ്ഥിതി നിയന്ത്രണാധീനമാണ്. മറ്റു സംഭവങ്ങളൊന്നും 19-ാം തീയതിക്കുശേഷം അവിടെ ഉണ്ടായിട്ടുമില്ല. അതുകൊണ്ട് സഭാനടപടികളൊക്കെ നിർത്തിവച്ച് ഇതു ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ആവശ്യമായ എല്ലാ നടപടികളും ഗവൺമെൻറ് കൈക്കൊണ്ടു എന്നുള്ള വിശദീകരണത്തിന്റെയടിസ്ഥാനത്തിൽ ഈ അടിയന്തിരപ്രമേയത്തിന് അനുമതിനിഷേധിക്കുകയാണ്.

III. ശ്രദ്ധക്ഷണിക്കൽ

പാപ്പിനിശ്ശേരി വെസ്റ്റേൺ ഇൻഡ്യാ കോട്ടൺ മിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എം. വി. രാഘവൻ: സർ, കേരളത്തിലെ ഒരു പ്രധാനപ്പെട്ട സ്പിന്നിംഗ് ആൻഡ് വീവിംഗ് മില്ലാണ് കണ്ണൂരിനടുത്തു പാപ്പിനിശ്ശേരിയിലുള്ള വെസ്റ്റേൺ ഇൻഡ്യാ കോട്ടൺ മിൽ. അവിടെയുള്ള ആയിരത്തിൽപ്പരം തൊഴിലാളികളും മറ്റു ജീവനക്കാരും കഴിഞ്ഞ ജൂലൈ 13-ാം തീയതി മുതൽ ഒരു പണിമുടക്കം നടത്തിവരികയാണ്. ജൂലൈ 10-ാം തീയതി ഇവിടെ കേരളത്തിലെ ടെക്സ്റ്റൈൽ തൊഴിലാളികളുടെ വേതനം സംബന്ധിച്ച് ഒരു കോൺഫറൻസ് മന്ത്രി വിളിച്ചുകൂട്ടി. അതിനെക്കുറിച്ച് ഒരു എഗ്രിമെൻറുണ്ടായി. അതനുസരിച്ച് പ്രതിമാസം 50 രൂപ ഡി. എ. യിൽ വർദ്ധനവും 2 ശതമാനം വാർഷിക വർദ്ധനവും വ്യവസ്ഥചെയ്തിരുന്നു. അത് വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസിലെ തൊഴിലാളികൾക്കും അതുപോലെതന്നെ പൊതുവായി കണ്ണൂരിലെ പല മില്ലുകൾക്കും ഉണ്ടായില്ല; എഗ്രിമെൻറിൽ ഉൾപ്പെടുത്തിയില്ല. അതിനു കാരണം, മുൻപുതന്നെ കേരളത്തിൽ കണ്ണൂരൊഴികെയുള്ള പല മില്ലുകളിലും ഞായറാഴ്ച ജോലിചെയ്യാൻ വ്യവസ്ഥയുണ്ടായിരുന്നു; കണ്ണൂർ ജില്ലയിലെ മില്ലുകളിൽ ഞായറാഴ്ച പ്രവൃത്തിയുണ്ടായിരുന്നില്ല. അതുകൊണ്ട് കണ്ണൂരിലൊഴികെയുള്ള മറ്റു മില്ലുകളും ഞായറാഴ്ച പ്രവൃത്തി യംഗീകരിച്ചു; അവിടെ എഗ്രിമെൻറുണ്ടായി. കണ്ണൂരിലെ മില്ലുകളെ സംബന്ധിച്ചിടത്തോളം ചർച്ച പിന്നീടൊരവസരത്തിലാകാം എന്നുപറഞ്ഞു നീട്ടിവയ്ക്കുകയാണു ചെയ്തത്. നീട്ടിവച്ചുവെങ്കിലും ഈ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞില്ല. കേരളത്തിലെ മറ്റു ടെക്സ്റ്റൈൽ തൊഴിലാളികൾക്കു ബാധകമാക്കിയിട്ടുള്ള ആനുകൂല്യങ്ങൾ പാപ്പിനിശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസിലെയും അതുപോലെ മറ്റുചില മില്ലുകളിലെയും തൊഴിലാളികൾക്കനുവദിച്ചില്ല. അതിനെത്തുടർന്നാണു 13-ാം തീയതി മുതൽ പണിമുടക്കം അവിടെ ആരംഭിച്ചത്.

ആ പണിമുടക്കിനെക്കുറിച്ച് കൂടിയാലോചിച്ച് പ്രശ്ന പരിഹാരമുണ്ടാക്കുകയല്ല ലേബർഡിപ്പാർട്ടുമെൻറിൽനിന്നും ഉണ്ടായത്. പണിമുടക്കിയ തൊഴിലാളികൾ പറയുന്ന കാര്യങ്ങൾ വളരെ ന്യായമായിട്ടുള്ളതാണ്. മന്ത്രിക്കും ഗവൺമെൻറിനും അത് നിഷേധിക്കുവാൻ കഴിയുകയില്ല. കാരണം മറ്റ് മില്ലുകൾ അനുവദിച്ചതാണ്. മറ്റ് സ്ഥലങ്ങളിൽ കൊടുത്ത വേജസ് ഇവിടത്തെ തൊഴിലാളികൾക്കു നൽകണമെങ്കിൽ അവർ ഞായറാഴ്ച അടക്കം 7 ദിവസം പണിയെടുക്കണമെന്നാണ് മാനേജ്മെൻറ് പറയുന്നത്. ഇത് തൊഴിലാളികളുടെ ഡിമാൻറ് അല്ല. തൊഴിലാളി ഒരു ഡിമാൻറ് വയ്ക്കുമ്പോൾ മുതലാളി വേറൊരു ഡിമാൻറ്വയ്ക്കുന്നു. അങ്ങനെ മാനേജുമെൻറിൻെറ ഡിമാൻറിൻെറ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ ഡിമാൻറ് നിഷേധിക്കുകയാണ് ചെയ്യുന്നത്. ഈ പ്രശ്നം ഒടുവിൽ നിർബന്ധ അഡ്ജൂഡീക്കേഷനു വിട്ടു. ഈ രാജ്യത്ത് തൊഴിളാളിരംഗത്ത് പ്രവർത്തിക്കുന്ന ഏത് ട്രേഡ്യൂണിയനായാലും നിർബന്ധ അഡ്ജൂഡീക്കേഷൻ വ്യവസ്ഥ എതിർക്കുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ ആ കാര്യം അറിയേണ്ടതുണ്ട്. ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രി ഈ രാജ്യത്തെ തൊഴിലാളിനേതാവും കൂടിയാണ്. ഇന്നും ട്രേഡ്യൂണിയൻെറ ഭാരവാഹിയാണെന്നാണ് തോന്നുന്നത്. തൊഴിലാളി സമരം ചെയ്താൽ നിർബന്ധ അഡ്ജൂഡിക്കേഷനു വിടുകയല്ല വേണ്ടതേ. എന്നിട്ട് തൊഴിലാളി സമരത്തെനിരോധിച്ചു. ഇതാണോ ഈ ഗവൺമെൻറിൻെറ ലേബർ പോളിസി? ന്യായമായ ആവശ്യങ്ങൾ വകവച്ചുകൊടുക്കുന്നതിനു പകരം നിർബന്ധ അഡ്ജൂഡിക്കേഷനു വിടുന്നതും തൊഴിലാളികളുടെ പണിമുടക്കിനെ തകർക്കുവാൻ പ്രയത്നിക്കുകയും ചെയ്യുന്നത് കേരളത്തിലെ ഏതൊരു ഗവൺമെൻറിനും ഭൂഷണമല്ലായെന്നാണ് ഞാൻ പറയുന്നത്. സ്ഥിതിഗതി ഇന്ന് അവിടെവരെ ചെന്നെത്തിയിരിക്കുകയാണ്. ചില ട്രേഡ്യൂണിയനുകൾ സമരം പിൻവലിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയുമായിരിക്കും. ശരിയാണ്; ഒന്നുരണ്ടു യൂണിയനുകൾ സമരം പിൻവലിച്ചിട്ടുണ്ട്. പക്ഷേ ഒരൊറ്റതൊഴിലാളിയും ജോലിക്കുവരാൻ തയ്യാറായിട്ടില്ല. ആയിരത്തിൽപ്പരം തൊഴിലാളികൾ പണിമുടക്കിയിരിക്കുകയാണ്. പണിമുടക്ക് തുടങ്ങിയിട്ട് ഏതാണ്ട് മൂന്നുമാസത്തോളമായി. മിനിഞ്ഞാന്ന് കൈത്തറിവ്യവസായത്തെക്കുറിച്ച് ഇവിടെ ചർച്ച നടത്തി. ഈ മില്ലിൽ ഒരുമാസത്തിൽ 360 ബെയിൽ നൂലെങ്കിലും ഉൽപാദിപ്പിക്കുന്നുണ്ടാകും. ഇതിനോടനുബന്ധിച്ച് ഒരു സ്പിന്നിംഗ് മില്ല് കൂടി പ്രവൃത്തിക്കുന്നുണ്ട്. അതും ഇല്ലാതാകുകയാണ് ചെയ്തത്. മുതലാളിയുടെ മർക്കടമുഷ്ടി അവസാനിപ്പിക്കുന്നതിനും ഈ പണിമുടക്ക് അവസാനിപ്പിക്കുന്നതിനും കേരളത്തിലെ മറ്റ് മില്ലുകളിലെ തൊഴിലാളികൾക്ക് കൊടുത്ത ആനുകൂല്യം നൽകുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

തൊഴിലും പാർപ്പിടവും വകുപ്പ്മന്ത്രി (ശ്രീ. എം. കെ. രാഘവൻ): കണ്ണൂരിലുള്ള പാപ്പിനിശ്ശേരി വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസിലെ തൊഴിലാളികൾ പണിമുടക്കിലേർപ്പെട്ടിരിക്കുകയാണ്. എൻെറ ബഹുമാന്യസ്നേഹിതൻ ഇവിടെ പറഞ്ഞ പല കാര്യങ്ങളും ശരിയാണ്. പക്ഷേ മുഴുവനും ശരിയല്ല. കേരളത്തിലെ 27 മില്ലുകളിലെ തൊഴിലാളിപ്രതിനിധികൾ ഏകോപിച്ച് ഒരു ഡിമാൻറ് വച്ചതിൻെറ അടിസ്ഥാനത്തിൽ ആണ് ഗവൺമെൻറ് ഒരു ഒത്തുതീർപ്പിനുള്ള ശ്രമം നടത്തിയത്. 27 മില്ലുകളിലെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളി പ്രതിനിധികളെ വിളിച്ചുവരുത്തി പണിമുടക്കു ഒഴിവാക്കുന്നതിന്റെ ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഞാൻതന്നെ അവരുമായി നേരിട്ട് സംഭാഷണം നടത്തിയത്. മദ്രാസിൽ ഇന്നുവളരെയേറെ നൂൽക്ഷാമം അനുഭവിക്കുന്നുണ്ട്. അത് കണക്കിലെടുത്തുകൊണ്ട് ഇവിടെ അതു സംഭവിക്കാതിരിക്കുവാനാണ് അപ്രകാരം ചെയ്തത്. തൊഴിലാളി നേതാക്കൻമാരാണ് അതിന് മുൻകൈയെടുത്തത്. അവരെ വിളിച്ചുവരുത്തി അവരുടെ ഡിമാൻറുകളെല്ലാം ചർച്ച ചെയ്തു. ചർച്ചചെയ്തയവസരത്തിൽ കാര്യമായ നേട്ടങ്ങളും വേതനവർദ്ധനവും ഉണ്ടാകുന്നതിന് പ്രതിബദ്ധമായി നിൽക്കുന്നത് കണ്ണൂർജില്ലയിലെ രണ്ടുമൂന്നുമില്ലുകളിൽ ഞായറാഴ്ച ദിവസവും മെഷീനറി പ്രവർത്തിപ്പിക്കാത്തതുകൊണ്ടാണെന്ന് ഉള്ളവാദഗതി അവരുടെ ഭാഗത്തുനിന്നും ഉണ്ടായി. മെഷീനറി 7 ദിവസവും പ്രവൃത്തിയെടുക്കുന്ന സമ്പ്രദായം രാജ്യത്തുടനീളമുള്ളതാണ്. അതായത് കണ്ണൂർ ഒഴിച്ച് മറ്റുപല ഭാഗങ്ങളിലും ഉണ്ട്. കോൺഫറൻസിൽ എടുത്തതീരുമാനം സമ്മതിച്ച് ഒപ്പുവയ്ക്കുന്നതിന് മുൻപ് അവിടെയുള്ള മറ്റുതൊഴിലാളികളെക്കൂടി വിവരം അറിയിക്കണമെന്നുള്ളതായിരുന്നു അവരുടെ വാദഗതി. തൊഴിലാളികളുടെ മധ്യത്തിൽ പ്രവൃത്തിക്കുന്നവരായതുകൊണ്ട് ആ ആവശ്യം ഉന്നയിച്ച പ്പോഴേ അതിനുവേണ്ടി പ്രത്യേകമായി കോഴിക്കോട് വച്ച് ആലോചിക്കാമെന്നുപറഞ്ഞ് മാറ്റിവയ്ക്കുകയാണുണ്ടായത്, ചർച്ചകൾ ആരംഭിച്ചു. ഒത്തുതീർപ്പുവ്യവസ്ഥയുണ്ടായതിനുശേഷം തൊഴിലാളിനേതാക്കൻമാർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായതിന്റെ പേരിലാണ് തർക്കമുണ്ടായത്. ഒരാളും 7 ദിവസം മെഷീനറി പണിയെടുപ്പിക്കുന്നതിന് എതിരാണെന്നു പറയാൻ സാധ്യമല്ല. കാരണം ലോകത്തെവിടെയും നടക്കുന്നതാണ്. എല്ലാ ഞായറാഴ്ചയും തൊഴിൽ അവസാനിപ്പിക്കണമെന്നുള്ളതാണ് വാദഗതി. അങ്ങനെയാണെങ്കിൽ ഞായറാഴ്ച തുറമുഖങ്ങളും പൂട്ടിയിടണം, വിമാനത്താവളം പൂട്ടിയിടണം, റെയിൽവേ സ്റ്റേഷൻ പൂട്ടിയിടണം. ഈ അപ്രായോഗികമായ വാദഗതിയോട് തൊഴിലാളിനേതാക്കൻമാർ യോജിക്കുമെന്നുള്ള ധാരണയില്ല. മൂന്നുമില്ലുകളാണ് പ്രധാനമായും പണിമുടക്കിന് തുനിഞ്ഞത്. അവർക്കു കൊടുക്കാമെന്നു പറഞ്ഞ എല്ലാ ആനുകൂല്യങ്ങളും തൊഴിലുടമകൾ കൊടുക്കുവാൻ ബാദ്ധ്യസ്ഥരാണ്. കൊടുക്കുവാനും തയ്യാറാണ്. എന്നാൽ തൊഴിലാളിനേതാക്കൻമാർതമ്മിലുള്ള മൽക്കടമുഷ്ടിയും കോലാഹലവും വാദപ്രതിവാദവും കാരണം അഡ്ജൂഡിക്കേഷന് റഫർ ചെയ്തു. അതിനുശേഷം ചിലതൊഴിലാളിനേതാക്കൻമാരുടെ അഷ്പറൻസ് മാനിച്ചുകൊണ്ട് രണ്ട് മില്ലിൽ പണിതുടങ്ങുകയുണ്ടായി. അതിൽ ചില യൂണിയനുകൾ സമരം പിൻവലിച്ചുവെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും പണി നടക്കുന്നില്ല. തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കണമെന്നുള്ള ആഗ്രഹം ലവലേശവുമില്ല. പരമാവധി അവരുടെ അവകാശങ്ങൾ നേടികൊടുക്കുന്നതിനാണ് ഇത്രയും നീണ്ട ചർച്ച തന്നെ നടത്തിയത്. എന്നിട്ടും ഒരുപോംവഴിയും ഇല്ലാതെ വന്നതുകൊണ്ടാണ് അഡ്ജൂഡിക്കേഷന് റഫർ ചെയ്തത്. തൊഴിലാളികൾക്ക് ഗുണകരമായിട്ടുള്ള കാര്യങ്ങൾ മാത്രമേ ഗവൺമെൻറ് ചെയ്തിട്ടുള്ളു, ഇനിയും അതിനുവേണ്ടി തുടർന്നു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

IV. റിപ്പോർട്ടു സമർപ്പണം

(i) അനൌദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. കെ. വി. കുര്യൻ: അനൌദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് ഞാൻ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly